പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 471

01.07.2013-ൽ മറുപടിയ്ക്ക്

## സൗരോർജ്ജ തട്ടിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ ( തൃക്കരിപ്പൂർ)<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ തട്ടിപ്പുകാരുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ആഫീസ് നിയമവിരുദ്ധ ഇടപെടലുകൾ നടത്തിയെന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പ്രത്യേക പോലീസ് സംഘം അന്വേഷണം നടത്തുന്നുണ്ടോ; | (എ) ഇല്ല, എന്നാൽ സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണത്തിനായി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ആഫീസിലെ സ്റ്റാഫുകളെയും മറ്റും കണ്ട് ചോദിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസുകൾ അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തിട്ടുണ്ട്; അറസ്റ്റു ചെയ്യപ്പെട്ടവർ ആരൊക്കെ; ആരുടെയെല്ലാം ഫോൺ സന്ദേശങ്ങളും ഫോൺ വിളികളും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി; | (ബി), (സി) & (ഡി) അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളെയും മുഖ്യമന്ത്രിയുടെ ആഫീസിലെ സ്റ്റാഫുകളെയും മറ്റും കണ്ട് ചോദിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയ സരിതാ എസ് നായർ, ബിജു രാധാകൃഷ്ണൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അന്വേഷണത്തിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (സി) മുഖ്യമന്ത്രിയുടെ ഓഫീസ് ഇത്തരം ഏതെല്ലാം കേസുകളിൽ ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് അന്വേഷിക്കുകയുണ്ടായോ; ഇതിനായി ഏതെങ്കിലും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ചർച്ച ചെയ്തിട്ടുള്ളതായി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഫോണിൽ ആരെയെങ്കിലും വിളിച്ച് നിർദ്ദേശങ്ങൾ നൽകുകയുണ്ടായോ എന്ന കാര്യം അന്വേഷിക്കുകയുണ്ടായോ; | |
| (ഡി) തട്ടിപ്പ് സംഘത്തിൽപ്പെട്ട ബിജു രാധാകൃഷ്ണന്റെയും സരിത എസ്. നായരുടെയും ഫോണിൽ നിന്നും തിരിച്ചും ചെയ്ത ഫോൺ കോളുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ